ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്ത്രീകൾ സ്വാശ്രയരും സ്വയം പര്യാപ്തരുമാകാൻ ശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Draupadi Murmu says women should strive to become self-reliant and self-sufficient.**

2. സാമ്പത്തിക വളർച്ച, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക ക്ഷേമ പദ്ധതികൾ എന്നിവയിൽ മറ്റെല്ലാ രാജ്യങ്ങളെയും മറികടന്ന് ഇന്ത്യ മുന്നേറുകയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

**Vice President Jagdeep Dhankhar says India is ahead of all other countries in economic growth, infrastructure development and social welfare schemes.**

3. ആഫ്രിക്കൻ രാജ്യങ്ങളുടെ പ്രതിരോധശേഷി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഇന്ത്യയ്ക്കും ജപ്പാനും സഹകരിക്കാനാവുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

**India and Japan can cooperate to strengthen the resilience of African countries, says External Affairs Minister S. Jaishankar.**

4. മഹാ കുംഭ മേളയ്ക്ക് ഇന്ന് പ്രയാഗ്‌രാജിൽ സമാപനം.

**Maha Kumbh Mela concludes in Prayagraj today.**

5. മഹാശിവരാത്രി ആഘോഷനിറവിൽ രാജ്യം. ബലിതർപ്പണത്തിനൊരുങ്ങി ആലുവ മണപ്പുറം.

The country is in the fervor of Mahashivratri celebrations. Aluva Manappuram prepares for Bali Tharpan.

6. രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ വിദർഭ നാല് വിക്കറ്റിന് 254 റൺ എന്ന നിലയിൽ.

Vidarbha is 254 for four against Kerala at the end of the first day of the Ranji Trophy cricket final.

&&&&&&&&&&&&&&&

## HEADLINE 1

## PRESIDENT-MP- VOICE

സ്ത്രീകൾ സ്വാശ്രയരും സ്വയം പര്യാപ്തരും ആകാൻ ശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. മധ്യപ്രദേശിലെ ഛത്തർപൂർ ജില്ലയിലെ ബാഗേശ്വർ ധാമിൽ 251 പെൺകുട്ടികളുടെ സമൂഹവിവാഹ ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീമതി മുർമു. പെൺമക്കളെയും സഹോദരിമാരെയും ശക്തരും കഴിവുള്ളവരുമാക്കുക എന്നത് സമൂഹത്തിലെ എല്ലാവരുടെയും കടമയാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

നവദമ്പതികൾക്ക് സാരി ഉൾപ്പെടെയുള്ള വസ്ത്രങ്ങൾ രാഷ്ട്രപതി സമ്മാനിച്ചു. ഇവർക്ക് വീട്ടുപകരണങ്ങൾക്കൊപ്പം തയ്യൽ മെഷീനുകളും ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകളും നൽകിയതിൽ ശ്രീമതി ദ്രൗപദി മുർമു സന്തോഷം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&

## HEADLINE 2

## VP-NYOKUM FESTIVAL AP

സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിൽ ഉത്സവങ്ങൾ നിർണായക പങ്കുവഹിക്കുന്നുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. അരുണാചൽ പ്രദേശിലെ നൈഷി ഗോത്ര വിഭാഗത്തിൻറെ മഹോത്സവത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക വളർച്ച, അടിസ്ഥാന

സൗകര്യ വികസനം, സാമൂഹിക ക്ഷേമ പദ്ധതികൾ എന്നിവയിൽ മറ്റെല്ലാ രാജ്യങ്ങളെയും മറികടന്ന് ഇന്ത്യ മുന്നേറുകയാണെന്നും ശ്രീ ധൻഖർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&

## HEADLINE 3

## S JAISHANKAR

ആഫ്രിക്കൻ രാജ്യങ്ങളുടെ പ്രതിരോധശേഷി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഇന്ത്യയ്ക്കും ജപ്പാനും സഹകരിക്കാനാവുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു. ജപ്പാൻ-ഇന്ത്യ-ആഫ്രിക്ക ബിസിനസ് ഫോറത്തിൽ വെർച്വലായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഫ്രിക്കയുടെ നാലാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യയെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളറിലെത്തുകയാണെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി .

&&&&&&&&&&&&&&&

## HEADLINE 4

## MAHA KUMBH

മഹാ കുംഭ മേളയ്ക്ക് മഹാശിവരാത്രി ദിനമായ ഇന്ന് പ്രയാഗ്‌രാജിൽ സമാപനം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി ഭക്തർ പ്രയാഗ് രാജിൽ പുണ്യ സ്നാനത്തിൽ പങ്കെടുക്കുകയാണ്. കഴിഞ്ഞ മാസം 13 ന് ആരംഭിച്ച മഹാ കുംഭമേളയിൽ 64 കോടി 60 ലക്ഷത്തിലേറെപേർ പങ്കെടുത്തു. ചടങ്ങുകളുടെ അവസാന ദിനമായ ഇന്ന് കർശന സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്.

&&&&&&&&&&&&&&&

## HEADLINE 5

## MAHASHIVARATHRI

മഹാശിവരാത്രി ആഘോഷനിറവിൽ രാജ്യം. രാജ്യത്തുടനീളമുള്ള ശിവക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

കേരളത്തിലും വിപുലമായ ആഘോഷങ്ങൾ നടക്കുന്നു. ശിവരാത്രി ആഘോഷങ്ങൾക്ക് പ്രശസ്തമായ ആലുവ മണപ്പുറത്ത് പിതൃതർപ്പണത്തിനായി ഭക്തർ എത്തിക്കൊണ്ടിരിക്കുന്നു. ഇത്തവണ ബലിതർപ്പണത്തിനായി 116 ബലിതറകളാണ് ഒരുക്കിയിട്ടുള്ളത്. രാത്രി 10 മണിയോടെ ശിവരാത്രി ബലിയും നാളെ രാവിലെ 8.30 ഓടെ വാവുബലിയും നടക്കും.

&&&&&&&&&&&&&&&

## PM CONDOLENCE

ഗുജറാത്തി കവി അനിൽ ജോഷിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ആധുനിക ഗുജറാത്തി സാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുമെന്ന് ശ്രീ മോദി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&

## GUWAHATI: HARDEEP SINGH

രാജ്യത്ത് നിലവിലുള്ള സ്വാഭാവിക ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിങ് പുരി. ഗുവാഹത്തിയിൽ അഡ്വാൻറേജ് അസം 2.0 ഉച്ചകോടിയിൽ വ്യവസായികളും സംരംഭകരും അടങ്ങുന്ന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഹരിത ഹൈഡ്രജൻ 'ഭാവിയുടെ ഇന്ധനവും' ഗെയിം ചേഞ്ചറുമാണ്. ഹരിത ഹൈഡ്രജൻ്റെ വില കുറയ്ക്കാൻ കഴിയുമെങ്കിൽ, അത് ഊർജ്ജ ഉപഭോഗ സാഹചര്യത്തെ മാറ്റി മറിക്കുമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&

## HEADLINE 6

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് കിരീടപ്പോരാട്ടത്തിൽ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ വിദർഭ നാല് വിക്കറ്റിന് 254 റൺ എന്ന നിലയിൽ. നാഗ്പൂരിലാണ് മത്സരം. കേരളത്തിന് വേണ്ടി എം ഡി നിധീഷ് രണ്ട് വിക്കറ്റ് വീഴ്ത്തി. കന്നി രഞ്ജി ട്രോഫി കിരീടം ലക്ഷ്യമിട്ടാണ് കേരളം കളത്തിലിറങ്ങിയത്.

&&&&&&&&&&&&&&&

## WPL

വനിതാ പ്രീമിയർ ലീഗ് ട്വൻ്റി-20 ടൂർണമെൻ്റിൽ മുബൈ ഇന്ത്യൻസ് - യുപി വാരിയേഴ്സ് മത്സരം. ടോസ് നേടിയ മുംബൈ ഇന്ത്യൻസ് ഫീൽഡിംഗ് തിരഞ്ഞെടുത്തു. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ – ഹൈദരാബാദ് പോരാട്ടം. കൊൽക്കത്തയിലാണ് മത്സരം. നാല് മത്സരം മാത്രം വിജയിച്ച ഹൈദരബാദ് പോയിൻ്റ് പട്ടികയിൽ പന്ത്രണ്ടാം സ്ഥാനത്താണ്.

&&&&&&&&&&&&&&&

## REV. HM AMIT SHAH VISIT- VOICE

ഇടത്തരക്കാർക്കും കർഷകർക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും പ്രയോജനപ്പെടുന്ന ബജറ്റാണ് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ചതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കോയമ്പത്തൂരിൽ ബിജെപി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

കോയമ്പത്തൂർ, തിരുവണ്ണാമലൈ, രാമനാഥപുരം പാർട്ടി ഓഫീസുകൾക്കുള്ള ശിലാഫലകം ആഭ്യന്തരമന്ത്രി അനാച്ഛാദനം ചെയ്തു. രാജ്യത്ത് ഏകീകൃത സിവിൽ കോഡ് ഘട്ടം ഘട്ടമായി നടപ്പാക്കുമെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ പറഞ്ഞു.

&&&&&&&&&&&&&&&

## HIGH LEVEL MEETING - CM KERALA

കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം നാളെ. ഉച്ചയ്ക്ക് ശേഷം സെക്രട്ടറിയേറ്റിലാണ് യോഗം. വനം,

ധനകാര്യം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും. ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നിഹിതരാകും.

&&&&&&&&&&&&&&&

## CBI CRYPTOCURRENCY

ഗെയിൻ ബിറ്റ്കോയിൻ അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടെ 24 കോടിയോളം രൂപയുടെ ക്രിപ്റ്റോ കറൻസികൾ സിബിഐ പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് 60 ലധികം സ്ഥലങ്ങളിൽ സിബിഐ തിരച്ചിൽ നടത്തി. തിരച്ചിലിൽ ഒട്ടേറെ ഹാർഡ്‌വെയർ ക്രിപ്റ്റോ വാലറ്റുകൾ, രേഖകൾ, ലാപ്ടോപ്പുകൾ, ഹാർഡ് ഡിസ്കുകൾ, മൊബൈൽ ഫോണുകൾ എന്നിവ പിടിച്ചെടുത്തു. 2015 ൽ ആരംഭിച്ച തട്ടിപ്പിൽ, ബിറ്റ്കോയിൻ നിക്ഷേപങ്ങൾക്ക് പ്രതിമാസം 10 ശതമാനം വരുമാനം നൽകുമെന്ന് പ്രതികൾ വാഗ്ദാനം ചെയ്തിരുന്നതായി സിബിഐ പറഞ്ഞു.

&&&&&&&&&&&&&&&

## AUSTRALIA- INDIA ROADMAP

ഇന്ത്യയുമായുള്ള വ്യാപാര, നിക്ഷേപ ബന്ധം ശക്തിപ്പെടുത്തുന്നതിനും വൈവിധ്യവത്കരിക്കുന്നതിനുമായി രൂപരേഖ തയ്യാറാക്കി ഓസ്ട്രേലിയൻ സർക്കാർ. ഇരു രാജ്യങ്ങളും തമ്മിലുള്ള വാണിജ്യ ബന്ധം വർദ്ധിപ്പിക്കുന്നതിനായി ഓസ്ട്രേലിയ-ഇന്ത്യ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെൻറ് ആക്സിലറേറ്റർ ഫണ്ടിൽ 16 ദശലക്ഷം ഡോളർ നിക്ഷേപിക്കുമെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻ്റണി ആൽബനീസിൻ്റെ ഓഫീസ് അറിയിച്ചു. മൈത്രി സഹായ പദ്ധതിയിലേക്ക് 4 ദശലക്ഷം ഡോളർ അധിക നിക്ഷേപവും ഓസ്ട്രേലിയൻ സർക്കാർ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

## SUDAN PLANE CRASH

സുഡാനിൽലെ ഒംദുർമാൻ നഗരത്തിൽ സൈനിക വിമാനം തകർന്ന് മരിച്ചവരുടെ എണ്ണം 46 ആയി. വിമാനത്താവളത്തിൽ നിന്ന്

പറന്നുയരുന്നതിനിടെയാണ് അപകടം. സാങ്കേതിക തകരാറാണ് അപകടത്തിന് കാരണമെന്ന് സൈനിക വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&

## KASHMIR INFLITRATION

ജമ്മുകശ്മീർ അതിർത്തിയിൽ നുഴഞ്ഞുകയറ്റ ശ്രമത്തിനിടെ അതിർത്തിരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു പാകിസ്ഥാൻകാരൻ കൊല്ലപ്പെട്ടു. ഇന്ന് പുലർച്ചെ പത്താൻകോട്ട് അന്താരാഷ്ട്ര അതിർത്തിയിലായിരുന്നു സംഭവം. കൊല്ലപ്പെട്ടയാളെ തിരിച്ചറിഞ്ഞിട്ടില്ലെന്നും അയാളുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് പരിശോധിച്ചുവരികയാണെന്നും അതിർത്തി രക്ഷാസേന അറിയിച്ചു.

&&&&&&&&&&&&&&&

## GOVT - SPORTS COMMITTEE

ദേശീയ സ്പോർട്സ് ഫെഡറേഷനുകൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാർ ആറംഗ സമിതിക്ക് രൂപം നൽകി. കായിക വികസന ജോയിൻറ് സെക്രട്ടറി കുനാലിനെ സമിതിയുടെ മേധാവിയായി തിരഞ്ഞെടുത്തതായി കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയം അറിയിച്ചു. സമിതി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

&&&&&&&&&&&&&&&

## MoS MARGHERITA- FOREIGN VISIT

കേന്ദ്ര വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റയുടെ ഒമ്പത് ദിവസത്തെ വിദേശ സന്ദർശനത്തിന് വെള്ളിയാഴ്ച്ച തുടക്കമാകും. യുറുഗ്വേ, ബാർബഡോസ്, ബഹാമാസ്, നികാരഗ്വേ എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുന്നത്. യുറുഗ്വേയിൽ പുതിയ പ്രസിഡന്റിന്റെ സത്യപ്രതിജ്ഞയിൽ അദ്ദേഹം പങ്കെടുക്കും. സന്ദർശ വേളയിൽ വിവിധ വിദേശകാര്യ മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, വ്യവസായ പ്രമുഖർ തുടങ്ങിയവരുമായി കേന്ദ്ര സഹമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ വംശജർ, പ്രവാസികൾ എന്നിവരുമായും അദ്ദേഹം ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&

## EARLY EVE. BIHAR CABINET

ബിഹാറിൽ ഏഴ് പുതിയ മന്ത്രിമാരെ ഉൾപ്പെടുത്തി മന്ത്രിസഭ പുനസംഘടിപ്പിച്ചു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ഇതോടെ മുഖ്യമന്ത്രി ഉൾപ്പെടെ നിതീഷ് കുമാറിൻ്റെ നേതൃത്വത്തിലുള്ള മന്ത്രിസഭാംഗങ്ങളുടെ എണ്ണം 36 ആയി.

&&&&&&&&&&&&&&&

## RIJIJU SCHOLARSHIPS

നരേന്ദ്ര മോദി സർക്കാർ എല്ലാ സ്കോളർഷിപ്പുകളുടെയും ഗുണഭോക്താക്കളുടെ എണ്ണം കുറച്ചെന്ന കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ ആരോപണത്തിനെതിരെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ന്യൂനപക്ഷകാര്യ മന്ത്രാലയം മുമ്പെങ്ങുമില്ലാത്തവിധം ന്യൂനപക്ഷങ്ങളെ ശക്തിപ്പെടുത്തിയതായി ശ്രീ റിജിജു സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങളിലും സ്കോളർഷിപ്പുകളിലും വർധനയുണ്ടായിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&

&&&&&&&&&

&&&&